2016-17 വർഷത്തെ വാർഷിക പദ്ധതി

30 (*330) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ വാർഷിക പദ്ധതിയിൽ മുൻഗണന ഏതൊക്കെ മേഖലകൾക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നീക്കിവയ്ക്കുന്ന തുക നിർദ്ദിഷ്ട പദ്ധതികൾക്ക് യഥാസമയം ചെലവിടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഏതെങ്കിലും മുൻകൂർ നിർദ്ദേശങ്ങൾ തുപപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പദ്ധതി പ്രവർത്തനങ്ങൾ മുൻകൂട്ടി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) 2016-17 വാർഷിക പദ്ധതിയിലെ മുൻഗണനാ മേഖലകൾ താഴെ പറയുന്നവയാണ്:

വിള സംരക്ഷണം, മൃഗസംരക്ഷണം, മത്സ്യബന്ധനം, വലുതും ഇടത്തരവുമായ ജലസേചനം, ചെറുകിട ജലസേചനം, ഊർജ്ജ വികസനം, ഇടത്തരവും വലുതുമായ വ്യവസായം, റോഡുകളും പാലങ്ങളും, വിവര സാങ്കേതിക വിദ്യയും ഇ-ഗവേണൻസും, വനവും വന്യജീവിയും, വിദ്യാഭ്യാസം, തൊഴിലും തൊഴിലാളി ക്ഷേമവും, പട്ടികജാതി/പട്ടികവർഗ്ഗ വികസനം, സാമൂഹ്യനീതി, വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും, ശുദ്ധജല വിതരണവും ശുചിത്വവും, നഗരവികസനം.

(ബി) ഉണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീക്കിവയ്ക്കുന്ന തുക പദ്ധതികൾക്ക് യഥാസമയം ചെലവിടുന്നതിന് ഉതകുന്ന വിധത്തിലാണ് 2016-17 വർഷത്തെ പുതുക്കിയ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത മാർഗ്ഗരേഖ (സ. ഉ. (എംഎസ്.) നമ്പർ 4/2016/തസ്വഭവ. തീയതി 4-1-2016)-യിൽ പദ്ധതി തുക ചെലവഴിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (www.lsgkerala.gov.in)

(സി) ഇതിനായി 2016-17 വാർഷിക പദ്ധതിയിൽ ഗ്രീൻ ബുക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് വേഗത്തിലാക്കുന്നതിന് സഹായകമായി 2016-17-ൽ കൂടുതൽ പ്രാധാന്യം അർഹിക്കുന്നതും വേഗത്തിൽ നടപ്പിലാക്കാൻ കഴിയുന്നതുമായ പദ്ധതികളെ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly